കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഗ്രാമ വികസന കമ്മീഷണറേറ്റിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ഡി.പി) അർദ്ധവേതനാവധിയിൽ പ്രവേശിച്ചപ്പോൾ പ്രസ്തുത തസ്തികയുടെ പൂർണ്ണ അധികച്ചുമതല ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർക്ക് നല്കിയ ഗ്രാമവികസന കമ്മീഷണറുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1281/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 07.05.2018.

---

പരാമർശം: 1) 16.11.2013-ലെ ഗ്രാമവികസന കമ്മീഷണറുടെ 23694/എസ്റ്റാ.എ1/2013/സിആർഡി നമ്പർ നടപടിക്രമം.

2) 16.11.2013, 23.11.2016 തീയതികളിലെ ഗ്രാമവികസന കമ്മീഷണറുടെ 23694/എസ്റ്റാ.എ1/2013/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമ വികസന കമ്മീഷണറേറ്റിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ഡി.പി) ആയ ശ്രീ. കെ. ശശിധരൻ നായർ 18.11.2013 മുതൽ 07.12.2013 വരെ അർദ്ധവേതനാവധിയിൽ പ്രവേശിച്ചപ്പോൾ പ്രസ്തുത തസ്തികയുടെ പൂർണ്ണ അധികച്ചുമതല ശ്രീ.പി.കെ. മോഹനൻ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർക്ക് നല്കിയ പരാമർശം (1) പ്രകാരമുള്ള നടപടിക്ക് സാധൂകരണം നല്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമ വികസന കമ്മീഷണറേറ്റിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ഡി.പി) ആയ ശ്രീ. കെ. ശശിധരൻ നായർ, അർദ്ധവേതനാവധിയിൽ പ്രവേശിച്ചപ്പോൾ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ഡി.പി) തസ്തികയുടെ പൂർണ്ണ അധികച്ചുമതല ശ്രീ.പി.കെ. മോഹനൻ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർക്ക് നല്കിയ ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (1)-ലെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സന്തോഷ് കുമാർ എസ്.ആർ.**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തികൾക്ക്. (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
✓വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ